**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4812** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു അർദ്ധ ജുഡീഷ്യൽ സംവിധാനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ ബോധവത്ക്കരണപരിപാടികൾ, അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. സംസ്ഥാനത്ത് യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖാന്തിരം നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br><br>(i) കോളേജുകൾ, വായനശാലകൾ സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ<br><br>(ii) ജില്ലാതല അദാലത്തുകൾ<br><br>(iii) ദേശീയ സെമിനാർ<br><br>(iv) യൂത്ത് ഐക്കൺ അവാർഡ്.<br><br>(v) പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ്<br><br>(vi) യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br><br>(vii) ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗം, ചെസ്സ് എന്നീ മത്സരങ്ങളും യുവജനദിന പരിപാടികളും |

| | | | |
|---|---|---|---|
| | | | (viii) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br><br>ഗ്രീൻ യൂത്ത് പദ്ധതി<br><br>യുവകർഷക സംഗമം<br><br>ജോബ് ഫെസ്റ്റുകൾ<br><br>(ix) സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ബോധവൽക്കരണ ക്യാമ്പൈയിൻ/കലാജാഥ, നിയമപരമായ സഹായം, കൌൺസെലിംഗ്. |
| (ബി) | യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, മാനസിക സംഘർഷം, അതിക്രമങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി കമ്മീഷൻ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ; | (ബി) | യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗവും തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി. എല്ലാ ജില്ലകളിലുമായി 800 ഓളം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപെട്ട എം.എസ്.ഡബ്ല്യൂ/സൈക്കോളജി വിദ്യാർഥികളുടെ സഹായത്തോട്ടുകൂടിയാണ് സർവ്വേ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് കമ്മീഷൻ ചെയർമാൻ ബഹു. മുഖ്യ മന്ത്രിക്കു കൈമാറിയിട്ടുണ്ട്.<br><br>നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ തുടർ പ്രവർത്തനങ്ങൾ യുവജന കമ്മീഷൻ ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | യൂത്ത് എമ്പവർമെന്റ്, 'മെന്റൽ റിസീലിയൻസ്, ഹാപ്പിനസ്സ്: ചാലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്' എന്ന വിഷയത്തിൽ യുവജന കമ്മീഷൻ അക്കാദമികമായ സാധ്യതക്ക് പുറത്ത് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ആ ചർച്ചകളുടെ സംവാദങ്ങളുടെയും തുടർച്ച എന്ന നിലയിലും വിപുലീകരണം എന്ന നിലയിലും 2025 മാർച്ച് 3, 4 തീയതിൽ 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിൽ വെച്ച് യുവജന കമ്മീഷൻ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം മുഴവൻ ജില്ലകളിലും സർവകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും സംഘടിപ്പിക്കുന്നു.<br>അർദ്ധ ജുഡീഷ്യറി സ്ഥാപനം എന്ന നിലയിൽ യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ എന്നിങ്ങനെ നിരവധികർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. യുവജനങ്ങൾക്ക് സൌജന്യ നിയമസഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പരും യുവജന കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.<br><br>കൂടാതെ 2024-25 സാമ്പത്തിക വർഷം തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം നടത്തുകയും Mental Health of Youth at Work എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് ബഹു. മുഖ്യ മന്ത്രിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷുറൻസ്/ ബാങ്കിംഗ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വേ നടത്തിയത്. |
| (സി) | കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ? | (സി) | കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായാണ് നടക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്കായി ബോധവത്ക്കരണ പരിപാടികൾ കമ്മീഷൻ നടപ്പാക്കി വരുന്നു. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരായും, ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരായും ബോധവത്കരണ പരിപാടികളും കമ്മീഷൻ നടത്തിവരുന്നു. അതോടൊപ്പം ലഹരിയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ/കലാജാഥ, നിയമപരമായ സഹായം, കൌൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു. വിവിധ മേഖലകളിലുള്ള ഇടപെടൽ കാരണം യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലുംസുതാര്യവുമാക്കാൻ കമ്മീഷന് കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ